6. ആത്മാ പദ്ധതി

കാർഷിക പരിശീലന പരിപാടി

ഫാം ഫീൽഡ് സ്കൂൾ

IV ആർ.കെ.വി.വൈ.

(a) ചെട്ടിക്കുളങ്ങര - സുസ്ഥിര നെൽകൃഷി വികസന പദ്ധതി
75 ഹെക്ടർ

ഓണാട്ടുകര വികസന ഏജൻസി പദ്ധതി

(b) ദേവികുളങ്ങര - 1.24 കോടി

കല്ലൂർ - 1.10 കോടി

എൻ.എച്ച്.എം. പദ്ധതി (ചെട്ടികുളങ്ങര)

വാഴകൃഷി (വിസ്തൃതി വ്യാപനം) - 2 ഹെക്ടർ

ജാതികൃഷി (വിസ്തൃതി വ്യാപനം) - 1 ഹെക്ടർ

പപ്പായ (വിസ്തൃതി വ്യാപനം) - 0.5 ഹെക്ടർ

ടിഷ്യുകൾച്ചർ (വിസ്തൃതി വ്യാപനം) - 1 ഹെക്ടർ

ഇഞ്ചി/മഞ്ഞൾ (വിസ്തൃതി വ്യാപനം) - 1 ഹെക്ടർ

കുരുമുളക് (വിസ്തൃതി വ്യാപനം) - 1 ഹെക്ടർ

വെറ്റിലകൃഷി (വിസ്തൃതി വ്യാപനം) - 0.5 ഹെക്ടർ

വെർമി കമ്പോസ്റ്റ് - 0.5 ഹെക്ടർ

യന്ത്രവൽക്കരണം < 20 എച്ച്.പി. & >20 എച്ച്.പി.

സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

134 (7431) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ കൃഷികളേയും ഉൾപ്പെടുത്തിക്കൊണ്ടും വിള ഇൻഷ്വറൻസും പെൻഷൻ ആനുകൂല്യങ്ങളും കൂട്ടിച്ചേർത്തുകൊണ്ടും സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപനം നടത്തിയത് ഏത് വർഷത്തിലായിരുന്നു ; ഫലത്തിൽ നടപ്പിലായിട്ടുള്ളത് എന്ന് മുതലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം കൃഷി മേഖലയിൽ നിന്നുള്ള എത്ര പേർ വീതം പദ്ധതിയിൻകീഴിൽ നിലവിൽ വന്നിട്ടുണ്ട് ;

(ഡി) പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ കാലവർഷക്കെടുതി, രോഗം, കീടങ്ങളുടെ ആക്രമണം, കാലാവസ്ഥാവ്യതിയാനം എന്നീ കാരണങ്ങളാൽ കാർഷിക വിള നശിച്ച എത്ര കർഷകർക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയുണ്ടായി ;

(ഇ) ഓരോ വർഷവും അടച്ച ഇൻഷ്വറൻസ് പ്രീമിയം തുക എത്ര കോടി വീതമായിരുന്നു ;

(എഫ്) പ്രസ്തുത പദ്ധതിയെക്കുറിച്ച് പ്രത്യവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സമഗ്ര കാർഷിക ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 55/2012/എഡി. തീയതി, 17-3-2012 പ്രകാരം സംസ്ഥാനത്ത് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

(സി-എഫ്) പദ്ധതി രൂപീകരണത്തിനായി നടപടികൾ പുരോഗമിച്ചു വരുന്നു.

കൃഷി വകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ

135 (7432) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൃഷിവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ വിവിധ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കൃഷിവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2011-ൽ കൃഷിവകുപ്പ് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ കൃഷിവകുപ്പ് പ്രസിദ്ധീകരിച്ച ഈ പൗരാവകാശരേഖയിൽ കൃഷിവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകിവരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly